എഡിറ്റോറിയൽ

ആഗസ്റ്റ് 2012

എഡിറ്റർ
ജോർജ്ജ്
കാടൻകാവിൽ



# അഹംഭാവം അഹങ്കാരമാകുമ്പോൾ

**“ഞാ**ൻ എന്നും വീട്ടിൽ വഴക്കാണ്” ഇതും പറഞ്ഞാണ് ഒരു പെൺകുട്ടി ഭർത്താവിനെയും കൂട്ടി എന്നെ കാണാൻ വന്നിരിക്കുന്നത്.നീ എന്തിനാ വഴക്കുണ്ടാക്കുന്നത്?

“ഭർത്താവിന്റെ അമ്മയ്ക്ക് എന്നെ ഇഷ്ടമല്ല. ചേട്ടനെ വീട്ടിൽ ആർക്കും ഒരു വിലയുമില്ല”മോളേ, ഉപജീവനത്തിന് വകയുണ്ടാക്കാനോ, വീട്ടുകാര്യങ്ങൾ നേരാംവണ്ണം നടത്തിക്കൊണ്ടു പോകാനോ പ്രാപ്തി ഇല്ലാത്തവരെയാണ് സാധാരണ വീട്ടുകാർ വിലവെയ്ക്കാതിരിക്കുന്നത്. ആരുടെ വരുമാനം കൊണ്ടാണ് കുടുംബം നടത്തുന്നത്?

“എനിക്ക് സർക്കാർ ജോലിയുണ്ട്, ചേട്ടന് സ്വയം തൊഴിലാണ്. സാമാന്യം നല്ല വരുമാനംഞങ്ങൾക്കുണ്ട്. അതുകൊണ്ടാണ് കുടുംബം നടത്തുന്നത്. ദിവസവും നല്ല യാത്രയുണ്ട് എനിക്ക്. രാവിലെഏഴുമണിക്ക് വീട്ടിൽ നിന്ന് ജോലിക്ക് പുറപ്പെട്ടാൽ, ജോലികഴിഞ്ഞ് വീട്ടിലെത്തുമ്പോൾ രാത്രി എട്ടു മണിയാകും. ചേട്ടന്റെ അപ്പൻ ചെറുപ്പത്തിലെ മരിച്ചു. ചേട്ടന്റെ ബന്ധുക്കളാണ് ചേട്ടനെ പഠിപ്പിക്കാനും മറ്റും സഹായിച്ചിരുന്നത്. ചേട്ടൻ ഡിപ്ളോമ പാസ്സായ താണ്. വിദേശത്ത്ജോലിയുണ്ടായിരുന്നു. ചേട്ടന്റെ അമ്മയും, അപ്പന്റെ അമ്മയും മാത്രമാണ് വീട്ടിൽ. വല്യമ്മച്ചിക്ക് വയ്യാണ്ടായി എന്നു പറഞ്ഞാണ് വിദേശത്തെ ജോലി നിർത്തി ചേട്ടൻ നാട്ടിൽ തിരിച്ചു വന്നത്.

അമ്മച്ചിമാരെ നോക്കാൻ വേണ്ടിയാണ് കല്യാണംകഴിച്ചതത്രെ. ഏതെങ്കിലും പാവപ്പെട്ട വീട്ടിലെ പെണ്ണിനെ കെട്ടിയാൽ അടങ്ങി ഒതുങ്ങി കഴിഞ്ഞോളും എന്നു പറഞ്ഞാണത്രെ ചേട്ടന്റെ ബന്ധുക്കൾ എന്നെകണ്ടുപിടിച്ച് കല്യാണം കഴിപ്പിച്ചത്”

മോളെ, നിന്റെ ഭർത്താവിനോട് ഞാനൊന്നു ചോദിക്കട്ടെ - ഇതൊക്കെതന്നെയാണോ നിങ്ങളുടെ പ്രശ്നങ്ങൾ “എനിക്കൊന്നും പറയാനില്ല സാർ. ഇവള് തന്നെയാണ് സാറിനെ വിളിച്ച് അപ്പോയിന്റമെന്റ് എടുത്തത്.ഇവിടെ കൂട്ടിക്കൊണ്ടു വരണം എന്ന് നിർബന്ധം പിടിച്ചു, നടന്നില്ലെങ്കിൽ വലിയ പുകിലുണ്ടാക്കും. അതുകൊണ്ട് ഞാൻ കൂട്ടിക്കൊണ്ടു വന്നു. എനിക്ക് ഒന്നും പറയാനില്ല, സാറ് അവളോട് മാത്രം സംസാരിച്ചാൽ മതി”

ശരിയാണോ മോളേ, നിനക്ക് അത്രക്ക് വാശിയും നിർബന്ധബുദ്ധിയും ഉണ്ടോ?

“ഉണ്ട് സാർ, ഞാൻ ഉദ്ദേശിച്ചതുപോലെ കാര്യങ്ങൾ നടന്നില്ലെങ്കിൽ എനിക്ക് സഹിക്കാൻ പറ്റില്ല” നിന്റെ വീട്ടിലും അങ്ങിനെ ആയിരുന്നോ? ‘അതെ, ഞാൻ എന്തെങ്കിലും കാര്യത്തിന് വാശിപിടിച്ചാൽ, എന്റെ അപ്പച്ചനോ, അമ്മച്ചിയോ, ചേട്ടനോ, ചേച്ചിയോ ആരെങ്കിലും അത് എങ്ങിനെയും സാധിച്ചു തരുമായിരുന്നു”

നീ പാവപ്പെട്ട വീട്ടിലെ ആണെന്നല്ലേ പറഞ്ഞത് പിന്നെ എങ്ങിനെയാ അവര് നിന്റെ വാശികളൊക്കെ സാധിച്ചു തന്നിരുന്നത്?

“പാവപ്പെട്ടതെന്നു പറഞ്ഞാൽ പട്ടിണി കിടക്കുന്ന വീടൊന്നും ആയിരുന്നില്ല സാർ. അപ്പച്ചന് ജോലി ഉണ്ടായിരുന്നു. വീതം വെച്ചു കിട്ടിയ അഞ്ചു സെന്റ് ഭൂമിയിൽ അപ്പച്ചൻ ഒരു വീടു വെച്ചു. ഞങ്ങളെ മൂന്നു പേരെയും പഠിപ്പിച്ച് ജോലിക്കാരാക്കി. അതിന്റെയൊക്കെ കടം ഉണ്ടായിരുന്നതു കൊണ്ട് എനിക്ക് സ്ത്രീധനം ഒന്നും തരാനുണ്ടായിരുന്നില്ല. ഇവര് സ്ത്രീധനം ഒന്നും വേണ്ട എന്നു പറഞ്ഞ് വന്നപ്പോൾ അപ്പച്ചന് അത് വലിയ ഒരു ആശ്വാസമായി. അങ്ങിനെയാണ് ഈ വിവാഹം നിശ്ചയിച്ചത്”

മോളേ, ഇനി ഞാൻ ചോദിക്കുന്നതിന് നല്ലവണ്ണം ആലോചിച്ച് ആത്മാർത്ഥമായി നീ ഉത്തരം പറയണം.. സ്ത്രീധനം വേണ്ടാത്ത ഒരു ചെറുക്കനെ കിട്ടിയതുകൊണ്ടാണോ, അതോ നിനക്ക് ഇഷ്ടപ്പെട്ട പുരുഷനാണ് ഈ ചെറുക്കൻ എന്നു കരുതിയതുകൊണ്ടാണോ - നീ ഈ വിവാഹത്തിന് സമ്മതിച്ചത്?

“ചേട്ടനോട് ശരിക്കും ഇഷ്ടം തോന്നിയതുകൊണ്ടാണ് ഈ വിവാഹത്തിന് ഞാൻ സമ്മതം പറഞ്ഞത്” ഇപ്പോഴും ഇഷ്ടമാണോ? “അതെ”

നീ പാവപ്പെട്ട വീട്ടിലെയാണ് എന്ന് ആരാ നിന്നോട് പറഞ്ഞത്?

www.BethlehemMatrimonial.com

“ചേട്ടന്റെ ഒരാന്റിയാണ് അത് പറഞ്ഞത്. പാവപ്പെട്ട വീട്ടിലെ പെണ്ണായാൽ അടങ്ങി ഒതുങ്ങി കഴിഞ്ഞോളും എന്നു കരുതിയാണ് ഈ കല്യാണം ഞങ്ങൾ നടത്തിയത് എന്ന്”

മോളേ, ബന്ധുക്കളുടെ വായടക്കാൻ ശ്രമിക്കുന്നത് പാഴ്‌വേലയാണ്. ഭർത്താവിന്റെ അമ്മയോ, വല്യമ്മച്ചിയോ നിന്നോട് ഇങ്ങിനെ ഒന്നും പറഞ്ഞിട്ടില്ലല്ലോ?

“ഉണ്ട് സാർ, അമ്മച്ചി ഒരിക്കൽ പറഞ്ഞു ഇത്രയ്ക്ക് കിടന്ന് ചാടാൻ, അതിനുമാത്രം ഒന്നും ഇങ്ങോട്ട് കൊണ്ടു വന്നിട്ടില്ലായിരുന്നല്ലോ എന്ന്”

മോളെ ആ പറഞ്ഞതിന്റെ അർത്ഥം - നീ സ്ത്രീധനം കൊണ്ടുവന്നില്ല എന്നല്ലല്ലോ, നീ നിന്റെ നില മറന്ന് പെരുമാറുനന്നു, എന്തോ നിഗളം നീ കാണിക്കുന്നു, എന്നൊക്കെയാണ് ആ പറഞ്ഞതിന്റെ അർത്ഥം. സ്ത്രീധനം കൊണ്ടു വന്നിട്ടില്ല എന്നത് ഒരു കുറ്റബോധം ആയി നിന്റെ മനസ്സിൽ കൊണ്ടു നടക്കുന്നത് നീ തന്നെയാണ്.

ജോലിയും ദീർഘയാത്രയും കഴിഞ്ഞ് ജീവിക്കാനുള്ള സമയം നിനക്ക് കണ്ടെത്താനാവുന്നില്ല എന്നതാണ് നിന്റെ യഥാർത്ഥ പ്രശ്നം. ഈ അവസ്ഥ മാറാൻ സഹായിക്കുന്ന കാര്യങ്ങളാണ് നീ കണ്ടെത്തേണ്ടത്. ജോലി യിൽ സ്ഥലം മാറ്റത്തിന് ശ്രമിക്കാം. ജോലിസ്ഥലത്തേക്ക് താമസം മാറ്റാം. പുതിയ ജോലി കണ്ടെത്താം. നിലവിലുള്ള ആയാസം കുറയ്ക്കാം. ഉദാഹരണത്തിന് ടൂ വീലർ ഉപയോഗിച്ചാൽ വീട്ടിൽ നിന്നും ബസ് സ്റ്റാൻഡ് വരെ പോകുന്ന സമയനഷ്ടം കുറയ്ക്കാം. ഉള്ള സാഹചര്യങ്ങൾ മാറ്റാനോ, കാര്യക്ഷമമാക്കാനോ ആണ് നീ ശ്രമിക്കേണ്ടത്.

പക്ഷേ, അതിന് നിന്റെ ഭർത്താവിന്റെയും, അമ്മയുടെയും, വല്യമ്മച്ചിയുടെയും ഒക്കെ സഹകരണം കൂടിയേ തീരൂ. നിന്നെക്കൊണ്ട് അവർക്ക് സന്തോഷംകിട്ടുന്നുണ്ടെങ്കിലെ നിന്റെ ബുദ്ധിമുട്ട് കുറയണം എന്ന്അവർക്കും ആഗ്രഹം ഉണ്ടാവുകയുള്ളു. അമ്മമാരെ ഒഴിവാക്കിയിട്ട് നിന്റെ ഭർത്താവിനെയും കൊണ്ട് എങ്ങോട്ടെങ്കിലും മാറാം എന്ന് ചിന്തിക്കേണ്ട, പുതിയ പ്രശ്നങ്ങൾ അതോടെ തുടങ്ങും. അവരെ സ്നേ ഹിച്ച് നിന്റെ സാന്നിദ്ധ്യംആഗ്രഹിക്കുന്നവരാക്കി മാറ്റണം. സ്നേഹിക്കാനുള്ള മാർഗ്ഗങ്ങളാണ് ശ്രദ്ധയും സ്പർശവും. അവരുടെകാര്യങ്ങളിൽ നീ ഇനി മുതൽ വേണ്ടത്ര ശ്രദ്ധ ചെലുത്തണം. അവരോട് ഇതുവരെകാണിച്ചഅവിവേകങ്ങൾക്ക് ആത്മാർത്ഥമായി മാപ്പ് ചോദിക്കണം.

പിന്നെ വല്യമ്മച്ചിക്ക് മരുന്ന് വാങ്ങാനും കുഴമ്പുപുരട്ടാനും, അമ്മയ്ക്ക് സാധനങ്ങൾ വാങ്ങിക്കൊടുക്കാ നും, അടുക്കളയിൽ സഹായിക്കാനും ഒക്കെ നീ സന്തോഷത്തോടെ തയ്യാറാവണം. അപ്പോൾ നിന്റെ ബുദ്ധിമുട്ടു കുറയ്ക്കാൻ അവരും സഹകരിക്കും.

നിന്റെ വാശി പിടിക്കുന്ന സ്വഭാവം ഒരു തരം അഹംഭാവം (ഈഗോ) ആണ്. അഹം ഭാവം എന്ന് പറ യുന്നത് മോശം ഭാവമല്ല. ഓരോരോ സാഹചര്യങ്ങൾ നേരിടാൻ മനുഷ്യൻ അപ്പപ്പോൾ അവശ്യം സ്വീകരിക്കുന്ന നിലപാടുകളും, പ്രതികരണശൈലികളുമാണ്, നമ്മൾ അഹംഭാവം എന്നു കണക്കാക്കുന്നത്. സമൂഹത്തിൽ ജീവിക്കാൻ മനുഷ്യന് ഏതെങ്കിലും ഒരു ഈഗോ കൂടിയേ തീരൂ.

എന്നാൽ ഉചിതമല്ലാത്തതും, നിലയ്ക്ക് ചേരാത്തതും, മറ്റുള്ളവർക്കോ അവനവനു തന്നെയോ ദ്രോഹം സംഭവിക്കുന്നതുമായ നിലപാടുകൾ എടുക്കുമ്പോൾ അത് അഹങ്കാരം (Conflicting Ego) ആയി മാറും.

ഒരു നദികടക്കാൻ മറ്റുമാർഗ്ഗമൊന്നും ഇല്ലാതെ വന്നപ്പോൾ നീ രണ്ട് മരക്കഷണം കൂട്ടിക്കെട്ടി ഒരു ചങ്ങാടം ഉണ്ടാക്കി ആ നദി കടന്നു എന്നു കരുതുക. അതുപോലെ നിന്റെ വീട്ടിലെ പരിമിതമായ ജീവിത സാഹചര്യത്തിൽ നല്ല പരിഗണനയും ഇഷ്ടവിഭവങ്ങളും കിട്ടാൻ നീ നിന്റെ ചെറുപ്പത്തിൽ ഉണ്ടാക്കിയെടുത്ത ഒരു ചങ്ങാടമായിരുന്നു വാശിപിടുത്തം എന്ന നിന്റെ അഹംഭാവം. അത് അന്ന് നിനക്ക് സഹായകമായി. നദി കടന്നുകഴിഞ്ഞെങ്കിലും ആ ചങ്ങാടം തലയിൽ ചുമന്നുകൊണ്ടു നടക്കുകയാണ് ഇപ്പോഴും നീ . അതു കാണുന്നവർ നിന്നെ അഹങ്കാരി എന്നു കണക്കാക്കി നിന്നോട് പെരുമാറും. തലയിലിരിക്കുന്ന ആ ചങ്ങാടമാണ് നിനക്ക് ഭാരമാകുന്നത്. ഇത് പഴയ നദിയല്ല പുതിയ സമുദ്രമാണ്, അതിനുപറ്റിയ ഒരു തോണിയാണ് നീ തയ്യാറാക്കേണ്ടത്. തനിച്ച്കയറി തുഴയാനല്ല, കൂട്ടായി കുടുംബമായി ഉദ്ദേശിച്ചകരയിലെത്തിക്കാനാണ് നീ പരിശ്രമിക്കേണ്ടത്.വീട്ടുകാർക്ക് നിന്നെയല്ല ഇഷ്ടപ്പെടാത്തത്. നിന്റെ അഹങ്കാരമാണ് അവർക്ക് ഇഷ്ടപ്പെടാത്തത്. അഹങ്കാരം മാറ്റി ഒരു നല്ല കുടുംബിനിയുടെ അഹംഭാവം (സ്വഭാവം) സ്വീകരിക്കുക.

പ്രിയപ്പെട്ടവരേ, ഒരാളുടെ ഏതെങ്കിലും കുറവുമുതലെടുക്കാം എന്നു കരുതി വിവാഹം ചെയ്യരുത്. ആ വ്യക്തിയെ ഇഷ്ടപ്പെട്ടു എന്ന പരിഗണന കൊണ്ട് മാത്രമേ വിവാഹം ചെയ്യാൻ പാടുള്ളൂ. കണ്ടുപിടിച്ച കുറ വുകൾ വിളിച്ചു പറയരുത്. സത്യത്തിൽ അത് കുറവ് അല്ല, അയാളുടെ പ്രത്യേകതകൾ ആണ്. എനിക്കിഷ്ടപ്പെട്ടതു കൊണ്ട് കെട്ടി എന്നു തറപ്പിച്ചു പറയാൻ കഴിയുമെങ്കിൽ മാത്രം കെട്ടിയാൽ മതി.

More Articels: http://www.bethlehemmatrimonial.com/editorial.html

***